**മധുരമായ കുട്ടികളെ – സത്യമായ ബാബയോട് സത്യമായിരിക്കൂ, സത്യതയുടെ ചാർട്ട് വെയ്ക്കൂ, ജ്ഞാനത്തിന്റെ അഹങ്കാരത്തെ ഉപേക്ഷിച്ച് ഓർമ്മയിൽ ഇരിക്കുന്നതിനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യൂ**

**ചോദ്യം:–** മഹാവീരന്മാരായ കുട്ടികളുടെ മുഖ്യമായ അടയാളം എന്തായിരിക്കും?
**ഉത്തരം:–** ആരുടെ ബുദ്ധിയിലാണോ നിരന്തരമായി ബാബയുടെ ഓർമ്മയുള്ളത് അവരാണ് മഹാവീരന്മാരായ കുട്ടികൾ. മഹാവീരൻ അർത്ഥം ശക്തിവാൻ. മഹാവീരന്മാർ നിരന്തരം സന്തോഷമുള്ളവരായിരിക്കും, അവർ ആത്മാഭിമാനിയായിരിക്കും, അല്പം പോലും ദേഹത്തിന്റെ അഹങ്കാരമുണ്ടായിരിക്കില്ല. ഇങ്ങനെയുള്ള മഹാവീരന്മാരായിട്ടുള്ള കുട്ടികളുടെ ബുദ്ധിയിൽ ഉണ്ടായിരിക്കും, നമ്മൾ ആത്മാക്കളാണ്, ബാബ നമ്മെ പഠിപ്പിക്കുകയാണ് എന്നത്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികളോട് ചോദിക്കുകയാണ്– സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കിയാണോ ഇരിക്കുന്നത്? എന്തെന്നാൽ ബാബയ്ക്ക് അറിയാം ഇത് അല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്, ഇതിലാണ് പരിശ്രമം. ആരാണോ ആത്മാഭിമാനിയായിരിക്കുന്നത് അവരെത്തന്നെയാണ് മഹാവീരൻ എന്ന് വിളിക്കുന്നത്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം– അവരെയാണ് മഹാവീരൻ എന്ന് വിളിക്കുന്നത്. സദാ തന്നോടുതന്നെ ചോദിച്ചുകൊണ്ടിരിക്കൂ ഞാൻ ആത്മാഭിമാനിയായാണോ ഇരിക്കുന്നത്? ഓർമ്മയിലൂടെ തന്നെയാണ് മഹാവീരനായി മാറുന്നത്, സുപ്രീമായി മാറുകയാണ്. ബാക്കി ഏതുധർമ്മത്തിലുള്ളവർ വന്നാലും അവർ ഇത്രയും സുപ്രീമായി മാറുന്നില്ല. അവർ വരുന്നതുതന്നെ വൈകിയാണ്. നിങ്ങൾ നമ്പർവൈസായി സുപ്രീം ആവുകയാണ്. സുപ്രീം അർത്ഥം ശക്തിശാലി അഥവാ മഹാവീരൻ. അതിനാൽ ഞാൻ ആത്മാവാണ് എന്ന സന്തോഷം ഉള്ളിൽ ഉണ്ടാകും. നമ്മൾ സർവ്വാത്മാക്കളുടേയും പിതാവ് നമ്മെ പഠിപ്പിക്കുകയാണ്. ഇതും ബാബയ്ക്ക് അറിയാം ചിലർ തന്റെ ചാർട്ട് 25 ശതമാനം കാണിക്കുന്നു, ചിലർ 100 ശതമാനം കാണിക്കുന്നു. ചിലർ പറയുന്നു 24 മണിക്കൂറിൽ അര മണിക്കൂർ ഓർമ്മ നിൽക്കുകയാണെങ്കിൽ അത് എത്ര ശതമാനമായി? വളരെ അധികം ശ്രദ്ധ തന്നിൽ വെയ്ക്കണം. പതുക്കെ പതുക്കെ മഹാവീരനായി മാറണം. പെട്ടെന്ന് ആവാൻ പറ്റില്ല, പരിശ്രമമുണ്ട്. ബ്രഹ്മജ്ഞാനികളും തത്വജ്ഞാനികളുമുണ്ട് അവർ സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കുന്നുണ്ട് എന്ന് കരുതരുത്. അവർ ബ്രഹ്മമാകുന്ന വീടിനെ പരമാത്മാവാണ് എന്ന് കരുതുന്നു എന്നിട്ട് സ്വയം പറയും ഞാൻ ബ്രഹ്മമാകുന്നു എന്ന്. വീടുമായിട്ടാണോ ഇപ്പോൾ യോഗം വെയ്ക്കേണ്ടത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ട്. തന്റെ ചാർട്ടിൽ നോക്കണം – 24 മണിക്കൂറിൽ എത്ര സമയം ഞാൻ ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ട്? ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ ഈശ്വരീയ സേവനത്തിലാണ്, ഓൺ ഗോഡ്‌ലി സർവ്വീസ്. ഇതാണ് എല്ലാവരോടും പറയേണ്ടത് അതായത് ബാബ ഇതേ പറയുന്നുള്ളൂ മന്മനാഭവ അർത്ഥം സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ഇതാണ് നിങ്ങളുടെ സേവനം. എത്രത്തോളം സേവനം നിങ്ങൾ ചെയ്യുന്നുവോ അത്രയും ഫലവും ലഭിക്കും. ഈ കാര്യങ്ങൾ നല്ലരീതിയിൽ മനസ്സിലാക്കാനുള്ളതാണ്. നല്ല നല്ല മഹാരഥി കുട്ടികൾ പോലും ഈ കാര്യത്തെ പൂർണ്ണമായും മനസ്സിലാക്കുന്നില്ല. ഇതിൽ വളരെ വലിയ പരിശ്രമമുണ്ട്. പരിശ്രമിക്കാതെ ഫലം ലഭിക്കുമോ.

ബാബ കാണുന്നുണ്ട് ചിലർ ചാർട്ട് എഴുതി അയച്ചുകൊടുക്കും, ചിലരാണെങ്കിൽ ചാർട്ട് എഴുതുന്നേയില്ല. ജ്ഞാനത്തിന്റെ അഹങ്കാരമാണ്. ഓർമ്മയിൽ ഇരിക്കുന്നതിനുള്ള പരിശ്രമം ചെയ്യുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു പ്രധാന കാര്യം ഓർമ്മയാണ്. എന്റെ ചാർട്ട് എങ്ങനെയുള്ളതാണ് എന്ന് തന്റെ മേൽ ദൃഷ്ടി വെയ്ക്കണം. അത് കുറിച്ചുവെയ്ക്കണം. ചിലർ പറയുന്നു ചാർട്ട് എഴുതുന്നതിനുള്ള സമയമില്ല. പ്രധാന കാര്യം ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അല്ലാഹുവിനെ ഓർമ്മിക്കൂ. എപ്പോഴാണോ ഇവിടെ ഇരിക്കുന്നത് അപ്പോൾ ഇടയ്ക്കിടയ്ക്ക് തന്റെ ഹൃദയത്തോട് ചോദിക്കണം ഞാൻ എത്ര സമയം ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നുണ്ട്? നിങ്ങൾ ഇവിടെ ഇരിക്കുന്ന സമയത്ത് ഓർമ്മയിൽത്തന്നെ ഇരിക്കണം ഒപ്പം ചക്രവും കറക്കാം. നമുക്ക് ബാബയുടെ അടുത്തേയ്ക്ക് തീർച്ചയായും പോകണം. പവിത്രവും സതോപ്രധാനവുമായി മാറിയിട്ട് പോകണം. ഈ കാര്യം വളരെ നല്ലരീതിയിൽ മനസ്സിലാക്കണം. ചിലർ പെട്ടെന്ന് മറന്നുപോകുന്നു. തന്റെ സത്യം സത്യമായ ചാർട്ട് കാണിക്കുന്നില്ല. ഒരുപാട് മഹാരഥികൾ ഇങ്ങനെയുണ്ട്. സത്യം ഒരിയ്ക്കലും പറയുന്നില്ല. അരകല്പം അസത്യതയുടെ ലോകം നടന്നതിനാൽ അസത്യത ഉള്ളിൽ ഉറച്ചിരിക്കുകയാണ്. ഇതിലും ആരാണോ സാധാരണമായിരിക്കുന്നത് അവർ

പെട്ടെന്ന് ചാർട്ട് എഴുതും. ബാബ പറയുന്നു ഓർമ്മയുടെ യാത്രയിലൂടെ നിങ്ങൾ പാപങ്ങളെ ഭസ്മമാക്കി പാവനമായി മാറും. കേവലം ജ്ഞാനത്താൽ പാവനമായി മാറില്ല. പിന്നെ എന്ത് പ്രയോജനമാണുള്ളത്. പാവനമായി മാറുന്നതിനായല്ലേ വിളിക്കുന്നതും. അതിന് ഓർമ്മ വേണം. എല്ലാവരും സത്യതയോടെ തന്റെ ചാർട്ട് കാണിക്കണം. ഇവിടെ നിങ്ങൾ മുക്കാൽ മണിക്കൂർ ഇരിക്കുകയാണെങ്കിൽ ഈ മുക്കാൽ മണിക്കൂറിൽ എത്ര സമയം ഞാൻ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിച്ചു? എന്നത് നോക്കണം. ചിലർക്ക് സത്യം പറയുന്നതിൽ ലജ്ജയുണ്ടാകുന്നു. ബാബയോട് സത്യം പറയുന്നില്ല. ഇന്ന സേവനം ചെയ്തു, ഇത്ര പേർക്ക് മനസ്സിലാക്കിക്കൊടുത്തു, ഇങ്ങനെ ചെയ്തു എന്ന വാർത്തകളെല്ലാം അവർ നൽകും. പക്ഷേ ഓർമ്മയുടെ യാത്രയുടെ ചാർട്ട് എഴുതില്ല. ബാബ പറയുന്നു ഓർമ്മയുടെ യാത്രയിൽ ഇരിക്കാത്തതു കാരണമാണ് നിങ്ങൾ പറയുന്നത് ലക്ഷ്യത്തിൽ എത്താതെ പോകുന്നത്. ജ്ഞാനമാകുന്ന വാളിന്റെ മൂർച്ച കൂട്ടുന്നില്ല. ജ്ഞാനം കേൾപ്പിക്കുന്നുണ്ട്, എന്നാൽ യോഗത്തിന്റെ അമ്പ് തറയ്ക്കുക– ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ബാബ പറയുന്നു മുക്കാൽ മണിക്കൂറിൽ 5 മിനിറ്റ് പോലും ഓർമ്മയുടെ യാത്രയിൽ ഇരിക്കുന്നുണ്ടാകില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എങ്ങനെ ബാബയെ ഓർമ്മിക്കും എന്നത് മനസ്സിലാക്കുന്നേയില്ല. ചിലർ പറയുന്നു ഞങ്ങൾ നിരന്തരം ഓർമ്മയിൽ ഇരിക്കുന്നുണ്ടെന്ന്. ബാബ പറയുന്നു ഈ അവസ്ഥ നിരന്തരമായി ഇപ്പോൾ ഉണ്ടാകില്ല. അഥവാ നിരന്തരം ഓർമ്മിക്കുകയാണെങ്കിൽ കർമ്മാതീത അവസ്ഥ ഉണ്ടാകുമായിരുന്നു, ജ്ഞാനത്തിന്റെ പരമോന്നത സ്ഥിതിയിൽ എത്തുമായിരുന്നു. കുറച്ച് എന്തെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ തന്നെ അവർക്ക് അമ്പ് തറയ്ക്കും. പരിശ്രമമല്ലേ. അങ്ങനെ എളുപ്പത്തിൽ വിശ്വത്തിന്റെ അധികാരിയായി മാറാൻ സാധിക്കുമോ. മായ നിങ്ങളുടെ ബുദ്ധിയോഗത്തെ എവിടെ നിന്നും എവിടേയ്ക്ക് കൊണ്ടുപോകുന്നു. മിത്ര സംബന്ധികൾ മുതലായവരെ ഓർമ്മ വന്നുകൊണ്ടിരിക്കും. ആർക്കെങ്കിലും വിദേശത്തേയ്ക്ക് പോകണമെങ്കിൽ അവർക്ക് എല്ലാ മിത്ര സംബന്ധികളേയും കപ്പലും വിമാനവുമൊക്കെ ഓർമ്മവന്നുകൊണ്ടിരിക്കും. വിദേശത്തേയ്ക്ക് പോകണം എന്ന പ്രാക്ടിക്കലായ ആഗ്രഹം ആകർഷിച്ചുകൊണ്ടേയിരിക്കും. ബുദ്ധിയുടെ യോഗം തീർത്തും മുറിഞ്ഞുപോകും. മറ്റൊരു കാര്യത്തിലേയ്ക്കും ബുദ്ധി പോകരുത്, ഇത് വളരെ അധികം പരിശ്രമമുള്ള കാര്യമാണ്. കേവലം ഒരേയൊരു ബാബയുടെ മാത്രം ഓർമ്മയുണ്ടാകണം. ഈ ദേഹം പോലും ഓർമ്മ വരരുത്. ഈ അവസ്ഥ നിങ്ങൾക്ക് അവസാന സമയത്ത് ഉണ്ടാകും.

ദിനംപ്രതിദിനം എത്രത്തോളം ഓർമ്മയുടെ യാത്രയെ വർദ്ധിപ്പിക്കുന്നുവോ ഇതിൽ നിങ്ങളുടെ മംഗളം തന്നെയാണ് അടങ്ങിയിരിക്കുന്നത്. എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും സമ്പാദ്യം നിങ്ങൾക്ക് ഉണ്ടാകും. അഥവാ ശരീരം ഉപേക്ഷിച്ചാൽ പിന്നെ ഈ സമ്പാദ്യം ഉണ്ടാക്കാൻ സാധിക്കില്ല. പോയി ചെറിയ കുട്ടിയാകും. പിന്നീട് എങ്ങനെ സമ്പാദിക്കാൻ പറ്റും. തീർച്ചയായും ആത്മാവ് ഈ സംസ്ക്കാരം എടുത്തുകൊണ്ടുപോകും എങ്കിലും വീണ്ടും സ്മൃതിയുണർത്താൻ ടീച്ചർ വേണമല്ലോ. ബാബയും സ്മൃതി ഉണർത്തുന്നില്ലേ ബാബയെ ഓർമ്മിക്കൂ എന്ന്. ബാബയുടെ ഓർമ്മയിലൂടെ തന്നെയാണ് പാവനമായി മാറുക എന്നത് നിങ്ങൾക്കല്ലാതെ മറ്റാർക്കും അറിയില്ല. അവർ ഗംഗാസ്നാനത്തെയാണ് ഉയർന്നതായി കരുതുന്നത് അതിനാൽ ഗംഗാസ്നാനം തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. ബാബയ്ക്ക് ഈ കാര്യങ്ങളുടെയെല്ലാം അനുഭവമുണ്ടല്ലോ. ബാബയ്ക്ക് അനേകം ഗുരുക്കന്മാരുണ്ടായിരുന്നു. അവർ സ്നാനം ചെയ്യാൻ പോകുന്നത് ജലത്തിലാണ്. ഇവിടെ നിങ്ങളുടെ സ്നാനം ഓർമ്മയുടെ യാത്രയിലാണ്. ബാബയുടെ ഓർമ്മയിലൂടെയല്ലാതെ നിങ്ങളുടെ ആത്മാവിന് പാവനമായി മാറാൻ സാധിക്കില്ല. ഇതിന്റെ പേരുതന്നെ യോഗം അഥവാ ഓർമ്മയുടെ യാത്ര എന്നാണ്. ജ്ഞാനത്തെ സ്നാനമാണെന്ന് കരുതരുത്. യോഗത്തിന്റെ സ്നാനമാണ്. ജ്ഞാനം പഠിപ്പാണ്, യോഗമാണ് സ്നാനം, ഇതിലൂടെയാണ് പാപം നശിക്കുന്നത്. ജ്ഞാനവും യോഗവും രണ്ട് സാധനങ്ങളാണ്. യോഗത്തിലൂടെ മാത്രമേ ജന്മജന്മാന്തരങ്ങളിലെ പാപങ്ങൾ ഭസ്മമാകൂ. ബാബ പറയുന്നു ഈ ഓർമ്മയുടെ യാത്രയിലൂടെയേ നിങ്ങൾ പാവനവും സതോപ്രധാനവുമായി മാറുകയുള്ളു. ബാബ വളരെ നല്ലരീതിയിൽ മനസ്സിലാക്കിത്തരുന്നു– മധുര മധുരമായ കുട്ടികളേ– ഈ കാര്യങ്ങളെ നല്ലരീതിയിൽ മനസ്സിലാക്കൂ. ഇത് മറന്നുപോകരുത്. ഓർമ്മയുടെ യാത്രയിലൂടെയേ ജന്മ ജന്മാന്തരങ്ങളിലെ പാപം നശിക്കൂ, ബാക്കി ജ്ഞാനം സമ്പാദ്യമാണ്. ഓർമ്മയും പഠിപ്പും രണ്ടും വേറെ വേറെയാണ്. ജ്ഞാനവും വിജ്ഞാനവും– ജ്ഞാനം അർത്ഥം പഠിപ്പ്, വിജ്ഞാനം അർത്ഥം യോഗം അഥവാ ഓർമ്മ. ഏതിനെയാണ് ഉയർന്നതാക്കി വെയ്ക്കുക– ജ്ഞാനത്തേയോ അതോ യോഗത്തേയോ? ഓർമ്മയുടെ യാത്ര വളരെ വലുതാണ്. ഇതിലാണ് പരിശ്രമമുള്ളത്. സ്വർഗ്ഗത്തിലേയ്ക്ക് എല്ലാവരും പോകും. സത്യയുഗമാണ് സ്വർഗ്ഗം, ത്രേതായുഗം സെമിസ്വർഗ്ഗമാണ്. അവിടെ ഈ പഠിപ്പിന്റെ ആധാരത്തിൽ ചെന്നിരിക്കും. ബാക്കി മുഖ്യമായ കാര്യം യോഗമാണ്. പ്രദർശിനികളിലും മ്യൂസിയത്തിലും നിങ്ങൾ ജ്ഞാനം മനസ്സിലാക്കിക്കൊടുക്കുന്നു. യോഗം മനസ്സിലാക്കിക്കൊടുക്കാൻ പറ്റുമോ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു എന്നത് മാത്രം പറയും. ബാക്കി ജ്ഞാനം വളരെ അധികം നൽകുന്നു.

ബാബ പറയുന്നു ആദ്യമാദ്യം തന്നെ പറയേണ്ട കാര്യം ഇതാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കു. ഈ ജ്ഞാനം നൽകുന്നതിനുവേണ്ടിത്തന്നെയാണ് നിങ്ങൾ ഇത്രയും അധികം ചിത്രങ്ങൾ ഉണ്ടാക്കുന്നത്. യോഗത്തിനായി ഒരു ചിത്രത്തിന്റേയും ആവശ്യമില്ല. ചിത്രങ്ങളെല്ലാം ജ്ഞാനം മനസ്സിലാക്കിക്കൊടുക്കുന്നതിനായി ഉണ്ടാക്കിയിട്ടുള്ളതാണ്. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കുന്നതിലൂടെ ദേഹത്തിന്റെ അഹങ്കാരം മുറിഞ്ഞുപോകുന്നു. ജ്ഞാനത്തിൽ തീർച്ചയായും വർണ്ണിക്കുന്നതിനായി മുഖം ആവശ്യമാണ്. യോഗത്തിന്റേതാണെങ്കിൽ ഒരു കാര്യമേയുള്ളു– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കുക. പഠിക്കുന്നതിന് ശരീരം ആവശ്യമാണ്. ശരീരമില്ലാതെ എങ്ങനെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യും.

പതിതപാവനൻ ബാബയാണെങ്കിൽ തീർച്ചയായും ബാബയുമായി യോഗം വെയ്ക്കണമല്ലോ. പക്ഷേ ആർക്കും അറിയില്ല. ബാബ സ്വയം വന്ന് പഠിപ്പിക്കുന്നു, മനുഷ്യന് ഒരിയ്ക്കലും മനുഷ്യനെ പഠിപ്പിക്കാൻ സാധിക്കില്ല. ബാബതന്നെ വന്ന് പറയുന്നു എന്നെ ഓർമ്മിക്കു, ഇതിനെയാണ് പരമാത്മജ്ഞാനം എന്ന് പറയുന്നത്. പരമാത്മാവ് തന്നെയാണ് ജ്ഞാനസാഗരൻ. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യങ്ങളാണ്. എല്ലാവരോടും ഇതുതന്നെ പറയൂ അതായത് ബാബയെ ഓർമ്മിക്കൂ. ആ ബാബ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണ്. ഭഗവാനെ ഓർമ്മിക്കാൻ ഈ സമയത്ത് പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകണം എന്നതുപോലും അവർക്ക് അറിയില്ല. സ്വപ്നത്തിൽ പോലും ഇല്ലെങ്കിൽ പിന്നെ എന്തിന് ഇതിനെക്കുറിച്ച് ചിന്തിക്കണം. ഇതും നിങ്ങൾക്ക് അറിയാം. പരമപിതാ പരമാത്മ ശിവഭഗവാൻ ഒന്നേയുള്ളു. ബ്രഹ്മാ ദേവതായെ നമ: എന്ന് പറയാറുണ്ട് പിന്നീട് അവസാനം പറയുന്നു ശിവപരമാത്മായെ നമ: ബാബയാണ് ഉയർന്നതിലും ഉയർന്നത്. പക്ഷേ ബാബ ആരാണ്, എന്നത് മനസ്സിലാക്കുന്നില്ല. അഥവാ കല്ലിലും മുള്ളിലും ഉണ്ടെങ്കിൽ നമസ്ക്കാരം പറയുന്നത് എന്തിനാണ്. അർത്ഥമില്ലാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇവിടെ നിങ്ങൾക്ക് ശബ്ദത്തിന് ഉപരിയായി പോകണം. അർത്ഥം നിർവ്വാണധാമം, ശാന്തിധാമത്തിലേയ്ക്ക് പോകണം. ശാന്തിധാമം, സുഖധാമം എന്ന് പറയാറുണ്ട്. അത് സ്വർഗ്ഗധാമമാണ്. നരകത്തെ ധാമമെന്നു പറയില്ല. വാക്ക് വളരെ സഹജമാണ്. ക്രിസ്തുവിന്റെ ധർമ്മം ഏതുവരെ ഉണ്ടാകും? ഇതും അവർക്ക് അറിയില്ല. പറയുന്നുണ്ട് ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് പാരഡൈസ് ഉണ്ടായിരുന്നു അർത്ഥം ദേവീദേവതകളുടെ രാജ്യമുണ്ടായിരുന്നു എങ്കിൽ 2000 വർഷം ക്രിസ്തുവിന്റേതായി, എങ്കിൽ ഇപ്പോൾ വീണ്ടും ദേവീദേവതകളുടെ ധർമ്മം ഉണ്ടാകണ്ടേ. മനുഷ്യരുടെ ബുദ്ധി ഒട്ടും പ്രവർത്തിക്കുന്നില്ല. ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കാത്തതു കാരണത്താൽ എത്രയധികം പദ്ധതികളാണ് തയ്യാറാക്കുന്നത്. ഈ കാര്യങ്ങൾ വലിയ അവസ്ഥയിലുള്ള വൃദ്ധരായ മാതാക്കൾക്കുപോലും മനസ്സിലാക്കാൻ കഴിയുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു ഇപ്പോൾ നിങ്ങൾ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്. വാണിയ്ക്ക് ഉപരി പോകണം. നിർവ്വാണ ധാമത്തിലേയ്ക്ക് പോയി എന്നെല്ലാം അവർ പറയാറുണ്ട് പക്ഷേ ആരും പോകുന്നില്ല. തീർച്ചയായും വീണ്ടും പുനർജന്മം എടുക്കും. ആരും തിരിച്ച് പോകുന്നില്ല. വാനപ്രസ്ഥത്തിലേയ്ക്ക് പോകുന്നതിനായി ഗുരുവിനെ ശരണം പ്രാപിക്കുന്നു. വളരെ അധികം ആശ്രമങ്ങൾ വാനപ്രസ്ഥത്തിനായുണ്ട്. മാതാക്കളും ഒരുപാടുണ്ട്. അവിടെയും നിങ്ങൾക്ക് സേവനം ചെയ്യാൻ സാധിക്കും. വാനപ്രസ്ഥത്തിന്റെ അർത്ഥം എന്താണ് എന്നത് നിങ്ങൾക്ക് ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. ഇപ്പോൾ നിങ്ങൾ എല്ലാവരും വാനപ്രസ്ഥികളാണ്. മുഴുവൻ ലോകവും വാനപ്രസ്ഥത്തിലാണ്. ഏതെല്ലാം മനുഷ്യരെ കാണുന്നുണ്ടോ അവർ എല്ലാവരും വാനപ്രസ്ഥിയാണ്. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു സദ്ഗുരുവാണ്. എല്ലാവർക്കും പോവുകതന്നെ വേണം. ആരാണോ നല്ലരീതിയിൽ പുരുഷാർത്ഥം ചെയ്യുന്നത് അവർ ഉയർന്ന പദവി നേടും. ഇതിനെയാണ് കണക്കെടുപ്പിന്റെ സമയം എന്നു പറയുന്നത്. ലോകാവസാനത്തിന്റെ അർത്ഥവും അവർ മനസ്സിലാക്കുന്നില്ല. നിങ്ങൾ കുട്ടികളും നമ്പർവൈസായാണ് മനസ്സിലാക്കുന്നത്. വളരെ ഉയർന്ന ലക്ഷ്യമാണ്. എല്ലാവരും മനസ്സിലാക്കണം – ഇപ്പോൾ നമുക്ക് തീർച്ചയായും വീട്ടിലേയ്ക്ക് പോകണം. ആത്മാക്കൾക്ക് വാണിയ്ക്ക് ഉപരി പോകണം എന്നിട്ട് വീണ്ടും പാർട്ട് ആവർത്തിക്കണം. പക്ഷേ ബാബയെ ഓർമ്മിച്ച് ഓർമ്മിച്ച് പോവുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കും. ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. മോശമായ കാര്യങ്ങൾ കളവ് മുതലായവ ഒന്നും ചെയ്യരുത്. നിങ്ങൾ പുണ്യാത്മാവായി മാറുന്നത് യോഗത്തിലൂടെയാണ്, ജ്ഞാനത്തിലൂടെയല്ല. ആത്മാവ് പവിത്രമാകണം. പവിത്രമായ ആത്മാക്കൾക്കേ ശാന്തിധാമത്തിലേയ്ക്ക് പോകാൻ സാധിക്കൂ. സർവ്വാത്മാക്കളും അവിടെയാണ് ഇരിക്കുന്നത്. ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആരെല്ലാം ബാക്കിയായിട്ടുണ്ടോ അവരെല്ലാം ഇവിടേയ്ക്ക് വന്നുകൊണ്ടിരിക്കും.

നിങ്ങൾ കുട്ടികൾ വളരെയധികം ഓർമ്മയുടെ യാത്രയിൽ ഇരിക്കണം. ഇവിടെ നിങ്ങൾക്ക് വളരെ നല്ല സഹായം ലഭിക്കും. പരസ്പരം ബലം ലഭിക്കുമല്ലോ. നിങ്ങൾ കുറച്ചുകുട്ടികളുടെ ശക്തിയും കാര്യങ്ങൾ

ചെയ്യും. ഗോവർദ്ധന പർവ്വതത്തെ കാണിക്കുന്നില്ലേ, ചെറുവിരലിലാണ് എടുത്തത്. നിങ്ങൾ ഗോപ ഗോപികമാരല്ലേ. സത്യയുഗത്തിലെ ദേവീ ദേവതകളെ ഗോപ ഗോപികമാർ എന്ന് പറയാറില്ല. വിരൽ നൽകുന്നത് നിങ്ങളാണ്. കലിയുഗത്തെ സ്വർണ്ണിമയുഗം അഥവാ നരകത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിനായി നിങ്ങൾ ബാബയുമായി ബുദ്ധിയോഗം വെയ്ക്കുന്നു. യോഗത്തിലൂടെയാണ് പവിത്രമായി മാറേണ്ടത്. ഈ കാര്യങ്ങൾ മറന്നുപോകരുത്. ഈ ശക്തി നിങ്ങൾക്ക് ഇവിടെയാണ് ലഭിക്കുന്നത്. പുറത്താണെങ്കിൽ ആസുരീയ മനുഷ്യരുടെ സംഗമാണ്. അവിടെ ഓർമ്മയിൽ ഇരിക്കുന്നത് വളരെ ബുദ്ധിമുട്ടാണ്. ഇത്ര അചഞ്ചലമായി അവിടെ ഇരിക്കാൻ സാധിക്കില്ല. സംഘടന ആവശ്യമാണല്ലോ. ഇവിടെ എല്ലാവരും ഏകരസമായി ഇരിക്കുമ്പോൾ അതിന്റെ സഹായം ലഭിക്കുന്നു. ഇവിടെ ജോലി കാര്യങ്ങൾ മുതലായവയൊന്നും ഇല്ല. ബുദ്ധി എവിടേയ്ക്ക് പോകും! പുറത്താണെങ്കിൽ ജോലി കാര്യങ്ങൾ തീർച്ചയായും പിടിച്ച് വലിക്കും. ഇവിടെ ഒന്നുമില്ല. ഇവിടെയുള്ള വായുമണ്ഡലം വളരെ നല്ലതും ശുദ്ധവുമാണ്. ഡ്രാമ അനുസരിച്ച് എത്ര ദൂരത്ത് പർവ്വതമുകളിൽ നിങ്ങൾ ചെന്നിരിക്കുന്നു. ഓർമ്മചിഹ്നവും കൃത്യമായി മുന്നിൽ നിൽക്കുന്നുണ്ട്. മുകളിൽ സ്വർഗ്ഗം കാണിച്ചിട്ടുണ്ട്. ഇല്ലെങ്കിൽ പിന്നെ എവിടെ നിർമ്മിക്കും. അതിനാൽ ബാബ പറയുകയാണ് ഇവിടെ വന്ന് ഇരിക്കുകയാണെങ്കിൽ തന്റെ പരിശോധന നടത്തൂ- ഞാൻ ബാബയുടെ ഓർമ്മയിലാണോ ഇരിക്കുന്നത്? സ്വദർശന ചക്രവും കറക്കിക്കൊണ്ടിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ ഓർമ്മയുടെ ചാർട്ടിനുമേൽ പൂർണ്ണ ശ്രദ്ധ വെയ്ക്കണം, നോക്കണം ഞാൻ ബാബയെ എത്ര സമയം ഓർമ്മിക്കുന്നുണ്ട്. ഓർമ്മിക്കുന്ന സമയത്ത് ബുദ്ധി എവിടെ എവിടെയെല്ലാം അലയുന്നുണ്ട്?

2) ഈ കണക്കെടുപ്പിന്റെ സമയത്ത് വാണിയ്ക്ക് ഉപരി പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. ബാബയുടെ ഓർമ്മയോടൊപ്പം തീർച്ചയായും ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം. മോശമായ കാര്യങ്ങൾ കളവ് മുതലായവയൊന്നും ചെയ്യരുത്.

## വരദാനം:- വ്യർത്ഥമോ ബുദ്ധിമുട്ടിക്കുന്നതോ ആയ വാക്കുകളിൽ നിന്ന് മുക്തമായ ഡബിൾ ലൈറ്റ് അവ്യക്ത ഫരിസ്തയായി ഭവിക്കട്ടെ.

അവ്യക്ത ഫരിസ്തയായി മാറണമെങ്കിൽ ആർക്കും നല്ലതായി തോന്നാത്ത വ്യർത്ഥ വാക്കുകളെ സദാ കാലത്തേക്ക് സമാപ്തമാക്കൂ. രണ്ട് വാക്കുകളുടെ കാര്യമാണെങ്കിലും പക്ഷെ അതിനെ വിസ്തരിച്ച് പറഞ്ഞുകൊണ്ടിരിക്കുക, ഇതും വ്യർത്ഥമാണ്. നാല് വാക്കുകൾ കൊണ്ട് നടക്കുന്ന കാര്യം 12-15 വാക്കുകളാക്കി പറയരുത്. കുറച്ച് സംസാരിക്കൂ, പതുക്കെ സംസാരിക്കൂ....ഈ സ്ലോഗൻ കഴുത്തിലിട്ട് നടക്കൂ. വ്യർത്ഥവും ബുദ്ധിമുട്ടിക്കുന്നതുമായ വാക്കുകളിൽ നിന്ന് മുക്തമാകൂ എങ്കിൽ അവ്യക്ത ഫരിസ്തയാകുന്നതിൽ വളരെ സഹായം ലഭിക്കും.

## സ്ലോഗൻ:- ആര് സ്വയത്തെ പരമാത്മാ സ്നേഹത്തിന് പിന്നിൽ അർപ്പണമാകുന്നുവോ, സഫലത അവരുടെ കഴുത്തിലെ മാലയായി മാറുന്നു.